# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 18 No. 09 | PUBLISHED FROM DELHI | PRICE Rs. 3/- | SEPTEMBER 2014


## ദുരുപദേശങ്ങൾക്കെതിരെ ശക്തമായി പോരാടുക: പാസ്റ്റർ അനിയൻ ശാമുവൽ

*ന്യൂഡൽഹി:* ദൈവീക ഉപദേശത്തെയും മാനുഷിക ഉപദേശത്തെയും കൂട്ടിക്കലർത്തി കൊണ്ടുവരുന്ന ഒരു സംഘടിത രൂപമാണ് ദുരുപദേശങ്ങൾ എന്നും ദൈവീക ഉപദേശങ്ങളെ തിരിച്ചറിഞ്ഞ് ദുരുപദേശങ്ങൾക്കെതിരെ പോരാടുന്നവരാകണമെന്നും പാസ്റ്റർ അനിയൽ ശാമുവൽ പ്രസ്താവിച്ചു. ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ യുവജന വിഭാഗമായ ഫെയ്ത്ത് ക്രിസ്ത്യൻ യൂത്ത് മൂവ്മെന്റ് (എഫ്. സി. വൈ. എം.) ഡൽഹി റീജന്റെ ആഭിമുഖ്യത്തിൽ 2014 ആഗസ്റ്റ് 15ന് കിംങ്ങ്സ്വേ ക്യാമ്പ് ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിൽ വച്ച് നടത്തിയ ഏകദിന സെമിനാറിൽ മുഖ്യ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

ദുരുപദേശങ്ങളെ തിരിച്ചറിയണമെങ്കിൽ ദൈവവചനത്തിന്റെ ആഴമായ അറിവ് നമ്മിൽ ഉണ്ടാകേണം. ദൈവവചനം ആധികാരികമായി പഠിച്ച്, ദൈവവചന അടിസ്ഥാനത്തിൽ വിശുദ്ധജീവിതം നയിക്കുന്ന ഒരു കൂട്ടമായി നമുക്ക് മാറുവാൻ കഴിയണം എന്ന് അദ്ദേഹം വിശദീകരിച്ചു.

"ആത്മീയ ഗോളവും ദുരുപദേശങ്ങളും വചന വീക്ഷണത്തിൽ" എന്ന ചിന്താവിഷയം അടിസ്ഥാനമാക്കി നടന്ന സെമിനാറിൽ എഫ്. സി. വൈ. എം. പ്രസിഡന്റ് പാസ്റ്റർ ടി.ഡി. സുധാകരൻ അദ്ധ്യക്ഷത വഹിച്ചു. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി പ്രാർത്ഥിച്ച് സെമിനാർ ഉദ്ഘാടനം ചെയ്തു. നവീന സുവിശേഷ തിയറികളുമായി ഒരു കൂട്ടർ ദൈവജനത്തെ വഴിതെറ്റിക്കുവാൻ ഇറങ്ങിയിരിക്കുന്ന കാലഘട്ടത്തിലാണ് നാം വിശ്വാസ ജീവിതം നയിക്കുന്നത്. ദൈവവചന പഠനത്തിന് മുഖ്യപ്രാധാന്യം കൊടുത്തുകൊണ്ട് യഥാർത്ഥ വിശ്വാസത്തിനും ഉപദേശത്തിനും വേണ്ടി നിലനിൽപ്പാനും ദുരുപദേശങ്ങളെ തിരിച്ചറിയുവാനുള്ള അറിവ് ലഭിക്കുവാൻ ഈ സെമിനാർ കാരണമാകട്ടെയെന്ന് അദ്ദേഹം ഉദ്ഘാടന സന്ദേശത്തിൽ ആശംസിച്ചു. കിംങ്ങ്സ്വേ ക്യാമ്പ് സഭാശുശ്രൂഷകൻ പാസ്റ്റർ ബിനു ജോൺ പ്രബന്ധം അവതരിപ്പിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ ഗുഡ്റ്റെയ്ഡിംഗ് മിനിസ്ട്രീസ് ഡയറക്ടർ പാസ്റ്റർ അനിയൻ ശാമുവൽ മോഡറേറ്ററായിരുന്നു. ജനറൽ സെക്രട്ടറി ബ്രദർ ശീലാസ് സാമുവൽ സ്വാഗതവും, ട്രഷറാർ ബ്രദർ ബാബുരാജ് കൃതജ്ഞതയും അർപ്പിച്ചു.




സെമിനാറിൽ പാസ്റ്റർ അനിയൻ സാമുവൽ മുഖ്യസന്ദേശം നൽകുന്നു പാസ്റ്റർ എം. സാമുവൽകുട്ടി, പാസ്റ്റർ സുധാകരൻ എന്നിവർ വേദിയിൽ

## ആത്മീയ ജീവിത വിജയത്തിന് മോശെയുടെ മാതൃക പിന്തുടരുക: പാസ്റ്റർ ബിജു ബഞ്ചമിൻ

**അടൂർ:** ആത്മീയ ജീവിത വിജയത്തിന് മോശെയുടെ മാതൃകയാണ് ഓരോ വ്യക്തിയിലും വേണ്ടതെന്ന് പാസ്റ്റർ ബിജു ബഞ്ചമിൻ പ്രസ്താവിച്ചു. ആഗസ്റ്റ് 23 ന് അന്തിച്ചിറ ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിൽ വച്ച് നടന്ന റീജൻ മാസയോഗത്തിൽ മുഖ്യസന്ദേശം നൽകുകയായിരുന്നു അദ്ദേഹം. ജീവിതത്തിൽ മൂന്ന് പ്രധാനപ്പെട്ട സാഹചര്യങ്ങളിലൂടെ മോശെ കടന്നുപോയി. പ്രവാസത്തിലും മരുഭൂമിയിലും സീയോനിലേക്കുള്ള പ്രയാണത്തിലുമായിരുന്നു മോശെ. എവിടെയും അടിച്ചമർത്തപ്പെട്ടവരും അടിച്ചമർത്തുന്നവരുമുണ്ട്. അടിച്ചമർത്തപ്പെട്ടവർക്കായി മോശെയെ ദൈവം എഴുന്നേൽപ്പിച്ചു. കർത്താവും അവർക്കായിട്ടാണ് വന്നത്. മിസ്രയീമ്യ പ്രവാസത്തിലായിരുന്ന യിസ്രായേല്യ കൂട്ടത്തിൽ നിന്ന് മോശെ സ്വന്തശക്തിയിൽ ആശ്രയിച്ചതുകൊണ്ട് മിസ്രയീമിൽ നിന്നും പുറത്തു ഒളിച്ചുപോകേണ്ടി വന്നു. മരുഭൂമിയിൽ വച്ച് ഒരു തിരിച്ചുപോക്കിനായി മോശെ ഹോരേബോളം എത്തി. അവിടെ വച്ച് എത്ര പരിശോധനയിലും തീയിലും കത്തിയാലും വെന്തുപോകാത്ത യിസ്രായേലിന്റെ വിടുതലി

(ശേഷം മൂന്നാം പേജിൽ)

## എഫ്.സി.ബി.സിയിലെ സ്വാതന്ത്ര്യദിനാഘോഷം

*അടൂർ:* 68-ാം സ്വാതന്ത്ര്യദിനാഘോഷത്തിൽ ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജും പങ്കുചേർന്നു. രാവിലെ 9 മണിക്ക് കോളജ് അങ്കണത്തിൽ കൂടിയ വിദ്യാർത്ഥികളെയും അധ്യാപകരെയും സാക്ഷി നിർത്തി കോളജ് പ്രിൻസിപ്പൽ പാസ്റ്റർ എബി ജോർജ് പതാക ഉയർത്തി. തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ കോളജിന്റെ മുൻ പ്രിൻസിപ്പൽപാസ്റ്റർ ബിജു ബഞ്ചമിൻ സ്വാതന്ത്രദിന സന്ദേശം നൽകി. കോളജ് രജിസ്ട്രാർ പാസ്റ്റർ ബോബി പി. ജോൺ, സിസ്റ്റർ ലിൻസി ബിജു എന്നിവർ ആശംസകളർപ്പിച്ചു. പാസ്റ്റർ മനോജ് തമ്പി അദ്ധ്യക്ഷത വഹിച്ച സമ്മേളനം കോളജ് പ്രിൻസിപ്പൽ പാസ്റ്റർ എബി ജോർജിന്റെ അനുഗ്രഹപ്രാർത്ഥനയോടെ അവസാനിച്ചു. വിദ്യാർത്ഥികളും അദ്ധ്യാപകരും സമ്മേളനത്തിൽ പങ്കെടുത്തു.

## ബീഹാറിലെ ഐ.സി.എം. സ്കൂളുകളിൽ സ്വാതന്ത്ര്യദിനാഘോഷം

*കോച്ചസ്:* ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രധാന പ്രവർത്തന മണ്ഡലമായ ബീഹാറിലെ കോച്ചസ് കേന്ദ്രമായി പ്രവർത്തിക്കുന്ന ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളിലും കോച്ചസ് ചൈൽഡ് ഡവലപ്മെന്റ് സെന്ററിലും, ഖുധുഹൂരിയ ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളിലും സെന്തുവാർ ഗ്രാമത്തിൽ പ്രവർത്തിക്കുന്ന ഐ.സി. എം. അക്കാദമിയിലും 68-ാം സ്വാതന്ത്ര്യദിനം ആഘോഷിച്ചു.

കോച്ചസിലെ ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളിന്റെയും കോച്ചസ് ചൈൽഡ് ഡവലപ്മെന്റ് സെന്ററിന്റെയും ആഭിമുഖ്യത്തിൽ നടന്ന സ്വാതന്ത്ര്യദിനാഘോഷത്തിൽ സ്കൂൾ പ്രിൻസിപ്പൽ ശ്രീ. ലല്ലൻ പ്രസാദ് ദേശീയ പതാക ഉയർത്തി. പ്രോജക്ട് മാനേജർ വിനോദ്കുമാർ സ്വാതന്ത്ര്യദിന സന്ദേശം നൽകി. തുടർന്ന് ദേശഭക്തിയെ വിവരിക്കുന്ന പ്രസംഗങ്ങൾ, ഗാനാലാപനം, ലഘു നാടകങ്ങൾ, തുടങ്ങി വിദ്യാർത്ഥികളുടെ നിരവധി കലാപരിപാടികളും അരങ്ങേറി. ദേശീയഗാന ആലാപനത്തോടെ സ്വാതന്ത്ര്യദിന ആഘോഷം സമാപിച്ചു.

കോച്ചസിൽ നിന്നും മുപ്പതുകിലോമീറ്റർ അകലെയുള്ള സെന്തുവാർ ഗ്രാമത്തിൽ പ്രവർത്തിക്കുന്ന ഐ. സി. എം. അക്കാദമിയുടെ ആഭിമുഖ്യത്തിൽ നടന്ന സ്വാതന്ത്ര്യദിന ആഘോഷത്തിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ പരേഡ് നടന്നു. ദേശീയ പതാകയേന്തി ദേശഭക്തി ഗാനങ്ങൾ ആലപിച്ച് ഗ്രാമവീഥിയിലൂടെ നടത്തിയ പരേഡിനു ശേഷം മുഖ്യഅതിഥിയായിരുന്ന ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. രാമേശ്വർ റാം ദേശീയ പതാക ഉയർത്തി. ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് റീജൻ കോ-ഓർഡിനേറ്റർ പാസ്റ്റർ രജനീകാന്ത് മുഖ്യസന്ദേശം നൽകി.

കോച്ചസിൽ നിന്നും 15 കിലോമീറ്റർ അകലെയുള്ള ഖുധുഹൂരിയ ഗ്രാമത്തിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളിന്റെ ആഭിമുഖ്യത്തിൽ നടന്ന സ്വാതന്ത്ര്യദിന ആഘോഷത്തിൽ സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. നാരദമുനി ദേശീയ പതാക ഉയർത്തി. തുടർന്ന് വിദ്യാർത്ഥികളുടെ നിരവധി കലാപരിപാടികളും അരങ്ങേറി. ദേശീയഗാന ആലാപനത്തോടെ സ്വാതന്ത്ര്യദിന ആഘോഷം സമാപിച്ചു.



പ്രോജക്ട് മാനേജർ വിനോദ്കുമാർ സ്വാതന്ത്ര്യദിന സന്ദേശം നൽകുന്നു

## ഗ്ലോബൽ പ്രയർ ഫെയ്ത്ത് ഫെല്ലോഷിപ്പിന് പുതിയ ആരാധനാസ്ഥലം

**മസ്ക്കറ്റ്:** കഴിഞ്ഞ 9 വർഷമായി മസ്ക്കറ്റിൽ പ്രവർത്തിച്ചുവരുന്ന ഗ്ലോബൽ പ്രയർ ഫെയത്ത് ഫെലോഷിപ്പ് പുതിയ ആരാധനാസ്ഥലത്തേക്ക് മാറി. റൂവി ചർച്ച് കോമ്പൗണ്ടിലുള്ള മസ്ക്കറ്റ് ബൈബിൾ സൊസൈറ്റി ബിൽഡിങ്ങിലേക്ക് ആണ് പ്രവർത്തനം മാറ്റിയത്. സുവിശേഷകൻ ജോയി വലിയവിളയുടെ നേതൃത്വത്തിൽ സഭാ-സംഘടനാ വ്യത്യാസം കൂടാതെ പ്രാർത്ഥനയ്ക്കും വേദപഠനത്തിനും താത്പര്യമുള്ള ഒരു കൂട്ടം സഹോദരി-സഹോദരന്മാരുടെ പ്രാർത്ഥനാ കൂട്ടായ്മയാണ് ഗ്ലോബൽ പ്രയർ ഫെയ്ത്ത് ഫെലോഷിപ്പ്.

പുതിയ ആരാധനാസ്ഥലത്തുവച്ചുള്ള ആദ്യ യോഗം ആഗസ്റ്റ് 5, 2014ൽ കോ-ഓർഡിനേറ്റർ സുവി. ജോയി വലിയവിളയുടെ അദ്ധ്യക്ഷതയിൽ നടന്നു. പാസ്റ്റർ ജോസഫ് (ഇടയൻ ഗോസ്പൽ മിനിസ്ട്രീസ്) പ്രാർത്ഥിച്ച് യോഗം ആരംഭിച്ചു. ബ്രദർ ശശി 121-ാം സങ്കീർത്തനം വായിച്ചു. തുടർന്ന് ബ്രദർ ബിജോയ് തോമസ്, സിസ്റ്റർ സൂസൻ ബിജോയ്, സിസ്റ്റർ അനിതാ ശശി എന്നിവർ പ്രാർത്ഥിച്ചു. തുടർന്ന് സുവി. ജോയി വലിയവിള ഗ്ലോബൽ പ്രയർ ഫെയ്ത്ത് ഫെലോഷിപ്പിന്റെ പ്രവർത്തനത്തെപ്പറ്റിയും ആരംഭത്തെ കുറിച്ചും ലഘുവിവരണം നൽകി. മുഖ്യാതിഥിയായിരുന്ന പാസ്റ്റർ ചെറിയാൻ ചെക്കോട്ട് (ചർച്ച് ഓഫ് ഗോഡ്, ഒമാൻ) പ്രാർത്ഥിച്ച് പുതിയ ആരാധനാ സ്ഥലം

(ശേഷം രണ്ടാം പേജിൽ)

*ഉൾപേജുകളിൽ...*


വചന വിരുദ്ധമായത് തിരിച്ചറിയുക: പാസ്റ്റർഎം.സാമുവൽകുട്ടി (ഡൽഹി)

ക്രിസ്തുവിലാകുക : പാസ്റ്റർ മനോജ് തമ്പി (അടൂർ)

നിങ്ങൾ ക്രിസ്തുവിന്റെ ശിഷ്യനോ? : ദാസ് പി. വിളക്കുടി (യു.എ.ഇ.)

ക്രൂശ്: പൂത്തുലഞ്ഞ രക്തപുഷ്പം: ഇവാ. ജോൺ സാമുവൽ മണക്കാല (ഗ്രേയ്റ്റർ നോയിഡ)

പത്രാധിപ ലേഖനം.......

# വചനവിരുദ്ധമായത് തിരിച്ചറിയുക



കഴിഞ്ഞ ആഗസ്റ്റ് 15-ാം തീയതി ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭയുടെ പുത്രികാസംഘടനയായ ഫെയ്ത്ത് ക്രിസ്ത്യൻ യൂത്ത് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ നടന്ന ഏകദിന സെമിനാറിൽ ചർച്ച ചെയ്യപ്പെട്ട 'ആത്മീയ ഗോളവും ദുരൂപദേശങ്ങളും വചന വീക്ഷണത്തിൽ' എന്ന വിഷയമാണ് ഈ വരികൾ കുറിക്കുവാൻ പ്രേരിപ്പിച്ചത്. പാസ്റ്റർ ബിനു ജോൺ അവതരിപ്പിച്ച പ്രബന്ധത്തിന്റെ പ്രസക്തഭാഗങ്ങൾ അടുത്ത ലക്കങ്ങളിൽ *വിശ്വാസി* വായനക്കാർക്കായി ഞങ്ങൾ പ്രസിദ്ധീകരിക്കുന്നതാണ്.

അത്ഭുതങ്ങളുടെ പിന്നാലെയാണ് ആത്മീയ ഗോളം ഇന്ന്. ആളുകളെ അതിശയിപ്പിക്കുന്ന അത്ഭുതങ്ങൾ കണ്ടെത്തി അവ അവതരിപ്പിച്ച് പ്രശസ്തി നേടുവാൻ വെമ്പൽ കൊള്ളുന്ന ചില കൊടിയ ചെന്നായ്ക്കളുടെ കാലമാണിത്. ജീവിതത്തിൽ അത്ഭുത വിടുതലുകൾ നടക്കണമെന്ന് എല്ലാവരും ആഗ്രഹിക്കുന്നു. ആ ആഗ്രഹത്തെ ഇങ്ങനെയുള്ള ആളുകൾ ചൂഷണം ചെയ്യുമ്പോൾ വചനവിജ്ഞാനം ഇല്ലാത്തവർ അവരുടെ ആകർഷണവലയത്തിനുള്ളിൽ അകപ്പെട്ടുപോകുന്നു. ദൈവം നമ്മുടെ ജീവിതത്തിൽ അത്ഭുതം ചെയ്യുവാൻ ഇന്നും ശക്തനാണ്. എന്നാൽ ഇന്നത്തെ അത്ഭുതങ്ങളിൽ ദൈവീകവും സാത്താന്യവും തമ്മിൽ തിരിച്ചറിയാൻ കഴിയാതെ പല വിശ്വാസികളും ആശയക്കുഴപ്പത്തിലായിരിക്കുന്ന ഒരു കാലഘട്ടമാണിത്.

അത്ഭുതങ്ങൾ മാത്രമല്ല, വചനവിരുദ്ധമായ ഉപദേശങ്ങളും വർദ്ധിച്ചുവരുന്ന ഒരു കാലമാണിത്. നാം അവയെ തിരിച്ചറിയണം. വേദപുസ്തകത്തിലെ മൗലികസത്യങ്ങളെ മറുതലിക്കുന്നവർ ദുരൂപദേശക്കാരാണ് എന്ന് നാം മനസ്സിലാക്കണം. അവർ ക്രിസ്തുവിന്റെ ദൈവത്വത്തെയും വിശ്വാസത്താലുള്ള രക്ഷയേയും അംഗീകരിക്കുന്നില്ല. സത്യമെന്തെന്നറിയാതെ അനേകർ ഇപ്രകാരമുള്ള ദുരൂപദേശ പ്രസ്ഥാനങ്ങളിൽ കുടുങ്ങിപ്പോയിട്ടുണ്ട്. അവരുടെ രക്ഷയ്ക്കായി നാം പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

റോമൻ കത്തോലിക്ക സഭ പറയുന്നത്, അവരുടെ വിശ്വാസപ്രമാണങ്ങളിൽ നിന്ന് വ്യതിചലിച്ച് രൂപപ്പെട്ട ദുരൂപദേശ സംഘടനയാണ് പെന്തക്കൊസ്ത് പ്രസ്ഥാനം എന്നാണ്. മാത്രമല്ല, അവരാണ് യഥാർത്ഥ അപ്പൊസ്തലിക സഭയെന്നും സത്യസഭയെന്നും അവകാശപ്പെടുന്നു. അവരുടെ അഭിപ്രായത്തിൽ റോമിലെ സഭയുടെ നായകനായിരുന്ന പത്രൊസിന്റെ പിൻഗാമികളാണ് മാർപാപ്പമാർ. ആകയാൽ, മാർപാപ്പയോട് ഐക്യത്തിൽ കഴിയുകയും അദ്ദേഹത്തിന്റെ ആത്മീയ നേതൃത്വം അംഗീകരിക്കുകയും ചെയ്യുന്ന സഭ സത്യസഭയായിരിക്കും. പെന്തക്കൊസ്തുകാർ ദുരൂപദേശക്കാരാണ് എന്ന് പറയാൻ റോമൻ കത്തോലിക്കരെ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ രസകരമാണ്. പെന്ത്ക്കൊസ്തു പ്രസ്ഥാനത്തിന് ഒരു കേന്ദ്രീകൃത ഘടനയില്ല; പ്രാർത്ഥനയിലും മറ്റും വികാരപ്രകടനങ്ങൾക്കാണ് മുഖ്യസ്ഥാനം, അതുവഴി ഭക്തരുടെ വികാരങ്ങളെ തൃപ്തിപ്പെടുത്തി സ്വാധീനിക്കുന്നു; ഉദാഹരണം: കൈകൊട്ടിയുള്ള ഗാനശുശ്രൂഷ. അവർ ബൈബിൾ സ്വതന്ത്രമായി വ്യാഖ്യാനിക്കുന്നു; സഭയെയും കൂദാശകളെയും പാരമ്പര്യങ്ങളെയും കന്യാമറിയത്തെയും വിശുദ്ധരെയും മദ്ധ്യസ്ഥന്മാരെയും തിരസ്കരിക്കുന്നു; കർത്താവിന്റെ രണ്ടാം ആഗമനം ഉടനെ ഉണ്ടാകുമെന്ന് വിശ്വസിക്കുന്നു, അതിനാൽ ഭൗതികജീവിതത്തോട് ഒരു നിസ്സംഗതാമനോഭാവം പുലർത്തുന്നു; ചില സമൂഹങ്ങൾ മരുന്ന് ഉപയോഗിക്കുന്നതിനെ വിലക്കുന്നു; പാസ്റ്റർമാർ തങ്ങൾക്ക് തോന്നുന്ന വിധത്തിൽ ബൈബിൾ വ്യാഖ്യാനിക്കുന്നു; അത് എല്ലാവരും അംഗീകരിക്കണമെന്ന് നിർബന്ധിക്കുകയും ചെയ്യുന്നു; വചന പ്രഘോഷണം പലരിലും ഒരുതരം വൈകാരിക സംതൃപ്തി ഉളവാക്കുന്നു; ഭാഷാവരം, ദർശനവരം തുടങ്ങിയവയ്ക്ക് അമിതപ്രാധാന്യം കൊടുക്കുന്നു; വരങ്ങൾ ലഭിക്കാത്തവർ ഉള്ളതായി നടിച്ച് മറ്റുള്ളവരെ വഴിതെറ്റിക്കുന്നു; ക്ലിപ്തവും ഔദ്യോഗികവുമായ ഒരു ആരാധനാക്രമം പെന്തക്കൊസ്തുകാർക്ക് ഇല്ല; കത്തോലിക്കാ സഭയുടെ ആരാധനക്രമം അംഗീകരിക്കാത്തതിനാൽ വിശ്വാസത്തിന്റെ കാര്യത്തിലും അവർക്ക് ക്ലിപ്തതയില്ല; യേശു പഠിപ്പിച്ച കർത്തൃപ്രാർത്ഥന പോലും അവർ ചൊല്ലുന്നില്ല; ആർക്കും എങ്ങനെയും വിശ്വാസത്തെ വ്യാഖ്യാനിക്കാമെന്നതുകൊണ്ട് പെന്തക്കൊസ്തു സമൂഹങ്ങളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു; സഭയുടെ പാരമ്പര്യമായ ശിശുക്കൾക്ക് മാമോദിസാ നൽകുക എന്നത് പാടില്ലെന്ന് പറയുന്ന പെന്തക്കൊസ്തുകാർ വേദപുസ്തകത്തിനു തന്നെ വിരുദ്ധമായിട്ടാണ് പഠിപ്പിക്കുന്നത്; യാക്കോബായ, സി.എസ്.ഐ., മാർത്തോമ്മാ, കത്തോലിക്ക, ബ്രദറൻ തുടങ്ങിയ സഭകളിൽ നിന്ന് ക്രിസ്ത്യാനികളെ തന്നെ പിടികൂടാനാണ് പെന്തക്കൊസ്തുകാർ ശ്രമിക്കുന്നത്; അക്രൈസ്തവരോട് സുവിശേഷം പ്രസംഗിക്കുന്നതിനോടല്ല അവർക്ക് താത്പര്യം; ഇവരുടെ സംസാരത്തിലും പ്രാർത്ഥനയിലും ആകൃഷ്ടരായി കെണിയിൽ വീണ് സത്യവിശ്വാസം ത്യജിക്കാൻ ഇടവരികയും ചെയ്യുന്നു; കത്തോലിക്കാ സഭയുടെ സ്ഥാപനത്തിന് അപ്പൊസ്തൊലിക കാലത്തോളം പഴക്കമുണ്ടെന്നാണ് അവർ കരുതുന്നത്, അതിന്റെ സ്ഥാപകൻ പത്രൊസാണെന്ന് വിശ്വസിക്കുകയും ചെയ്യുന്നു.

എന്നാൽ നാം മനസ്സിലാക്കേണ്ടത്, ഒന്നാം നൂറ്റാണ്ടിലെ സഭയ്ക്ക് പ്രത്യേക വിശ്വാസപ്രമാണം ഇല്ലായിരുന്നു. മറിച്ച് അവർ പിതാവായ ദൈവത്തിലും പുത്രനായ ക്രിസ്തുവിലും പരിശുദ്ധാത്മാവിലും വിശ്വസിച്ചിരുന്നു. പാപമോചനത്തിനായുള്ള വിശ്വാസവും അവർക്കുണ്ടായിരുന്നു. ക്രിസ്തുവിന്റെ സ്നേഹത്തെപ്പറ്റിയുള്ള ഉപദേശം മാതൃകാപരമായ ആശയങ്ങളായി സ്വീകരിച്ചിരുന്നു. യേശുവിന്റെ വീണ്ടും വരവിനായി അവർ കാത്തിരുന്നു. വിശ്വസിക്കുന്നവർക്കുള്ള നിത്യജീവനെക്കുറിച്ചും അവർ വിശ്വസിച്ചിരുന്നു. ആദിമ സഭകൾ സ്വതന്ത്രസഭകളായിരുന്നു. സ്ഥലം സഭകൾ അതാതു സഭകളുടെ ഭരണത്തിൻ കീഴിൽ തന്നെ ആയിരുന്നു. ക്രിസ്തുവിൽ ഒന്ന് എന്നുള്ള വിശ്വാസമാണ് അവരെ ഭരിച്ചിരുന്നത്. അപ്പൊസ്തലന്മാരെ അക്കാലത്തുണ്ടായിരുന്ന ജനങ്ങൾ ബഹുമാനിച്ചിരുന്നു. അവർക്ക് ജനങ്ങൾ ഒരു അധികാരം നൽകിയിരുന്നു. എങ്കിലും അത് ഔദ്യോഗികം അല്ലായിരുന്നു. അവർ വിശ്വസിച്ചിരുന്നത് അവരുടെ നായകൻ ക്രിസ്തുവാണെന്നും അവർ അന്യോന്യം സഹോദരന്മാർ ആണെന്നുള്ളതുമത്രെ. സഭ മേൽക്കുമേൽ വളർന്നുവന്നു. ദേശങ്ങളിൽ നിന്ന് ദേശങ്ങളിലേക്ക് അത് വ്യാപിക്കുവാൻ തുടങ്ങി. സഭ വളരുന്നതിനനുസരിച്ച് പീഢനങ്ങളും വർദ്ധിച്ചു. യഹൂദന്മാരിൽ നിന്നും റോമാ ഭരണകർത്താക്കളിൽ നിന്നും അതികഠിനമായ പീഢനങ്ങളാണ് സഭയ്ക്ക് ഏൽക്കേണ്ടി വന്നത്. പക്ഷെ പീഢനങ്ങൾ സഭയുടെ വളർച്ചക്ക് സഹായകമായിത്തീർന്നു. പിന്നെയും കഠിനപീഢനങ്ങൾ അനുഭവിച്ച തന്റെ മക്കളുടെ നിലവിളി ദൈവം കേട്ടു. എ.ഡി. 313ൽ ക്രിസ്തുമതം സ്വീകരിച്ച കുസ്തന്തിനോസ് (കോൺസ്റ്റന്റയിൻ) ചക്രവർത്തിയുടെ കാലഘട്ടത്തിൽ പീഢനങ്ങൾക്ക് ഔദ്യോഗികമായി അന്ത്യം വരികയും ചെയ്തു. ഈ ജാതീയ രാജാവ് പെട്ടന്ന് ക്രിസ്ത്യാനിയായതോടെ ഗുണങ്ങളോടൊപ്പം ദോഷഫലങ്ങളും സഭ അനുഭവിക്കേണ്ടിവന്നു. എല്ലാ തരക്കാരും സഭയിലേക്ക് ഇടിച്ചുകയറി. പരമാർത്ഥ ഹൃദയരും കപടഭക്തിക്കാരും കർത്തൃമേശയിൽ തുല്യപങ്കാളികളായിത്തീർന്നു. പീഢനകാലത്തുണ്ടായിരുന്ന ഉന്നതമായ സാന്മാർഗ്ഗിക നിലവാരം പ്രതാപത്തിലെത്തിയ സഭയ്ക്ക് നഷ്ടപ്പെട്ടു. രക്ഷിക്കപ്പെട്ടവരെ മാത്രം സഭാംഗങ്ങളാക്കിയ സ്ഥാനത്തുനിന്ന് ആർക്കുവേണമെങ്കിലും അംഗമാകാമെന്ന അവസ്ഥയിലെത്തി. ആരാധകർ ബാഹ്യമായ ആഡംബരജഢിലങ്ങളായി ഉയർന്നു. പുറജാതീയ രീതികളും ആചാരങ്ങളും ആരാധനയിൽ കടന്നുകൂടി. ചില പുരാതന പുറജാതീയ ഉത്സവങ്ങൾ പേരും വിധവും മാറി ക്രിസ്തീയ പെരുന്നാളുകളായിത്തീർന്നു. ഏകദേശം എ.ഡി. 405നോടുകൂടി വിശുദ്ധന്മാരുടെയും രക്തസാക്ഷികളുടെയും പ്രതിമകൾ പള്ളികളിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങി. പിൽക്കാലങ്ങളിൽ അവയെ വന്ദിക്കുകയും സ്തുതിക്കുകയും ആരാധിക്കുകയും ചെയ്തു. വീനസ്, ഡയാന (അർത്തമീസ്) എന്നീ ദേവിമാരെ ആരാധിച്ചതിനു പകരം കന്യാമറിയമിനെ ആരാധിപ്പാൻ തുടങ്ങി. സ്മാരകശുശ്രൂഷയായിരുന്ന തിരുമേശ, കുർബ്ബാന(ബലി)യായി മാറി. ഉപദേഷ്ടാവ് മാത്രമായിരുന്ന മൂപ്പൻ പുരോഹിതനായി മാറ്റപ്പെട്ടു. ദുരാചാരങ്ങൾ സഭയിലേക്ക് ചേക്കേറി. അങ്ങനെയാണ് റോമൻ കത്തോലിക്കാ സഭ രൂപപ്പെട്ടത്.

16-ാം നൂറ്റാണ്ടുവരെ സഭ ഈ നിലയിൽ തുടർന്നു. യഥാർത്ഥ സത്യത്തിൽ നിന്ന് വ്യതിചലിച്ച സഭയ്ക്കുള്ളിൽ വീർപ്പുമുട്ടി കഴിയുന്നവർ അനേകരായിരുന്നു. അവരിൽ പ്രധാനമായും ദൈവം ഉപയോഗിച്ച വ്യക്തിയായിരുന്നു മാർട്ടിൻ ലൂഥർ. അദ്ദേഹം ജർമ്മനിയിൽ ജീവിച്ചിരുന്ന ഒരു റോമൻ കത്തോലിക്കാ പുരോഹിതനും ദൈവശാസ്ത്രജ്ഞനും സർവ്വകലാദ്ധ്യാപകനും ആയിരുന്നു. ദൈവവചനത്തിന് നിരക്കാത്ത ദുരാചാരങ്ങൾ നിറഞ്ഞ സഭയുടെ നിലപാടിനെ അദ്ദേഹം ചോദ്യം ചെയ്തു. ലൂഥറാണ് പ്രൊട്ടസ്റ്റന്റ് വിഭാഗത്തിന് തുടക്കം കുറിച്ചത്. ചൂണ്ടിക്കാണിക്കപ്പെട്ട തെറ്റുകൾ തിരുത്താതെ അവർ അദ്ദേഹത്തെ പുറത്താക്കുകയാണ് ചെയ്തത്. ദൈവവചനസത്യം മനസ്സിലാക്കുന്ന ഒരു വ്യക്തിക്കും വചനവിരുദ്ധമായ ആചാരങ്ങളെയോ സഭയേയോ അംഗീകരിക്കാൻ കഴിയുകയില്ല, അവർ അതിൽ നിന്ന് പുറത്ത് വരിക തന്നെ ചെയ്യും.

*- പാസ്റ്റർ എം. സാമുവൽകുട്ടി*

## ഗ്ലോബൽ പ്രയർ ഫെയ്ത്ത് ഫെല്ലോഷിപ്പ്

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

പ്രതിഷ്ഠിക്കുകയും 2 ദിനവൃത്താന്തം 7: 14 ആസ്പദമാക്കി മുഖ്യസന്ദേശം നൽകുകയും ചെയ്തു. തുടർന്ന് മദ്ധ്യസ്ഥ പ്രാർത്ഥനയിൽ സഹോദരന്മാരായ ബിജോയ് തോമസ്, ശശി, ക്രിസ് ജോർജ്, സഹോദരിമാരായ ആഷാ ജോസഫ്, അനിതാ ശശി, സൂസൻ ബിജോയി എന്നിവർ പ്രാർത്ഥിച്ചു. പാസ്റ്റർ ചെറിയാൻ ചെക്കാട്ടിന്റെ ആശീർവാദത്തോടെ യോഗം അവസാനിച്ചു.

എല്ലാ ചൊവ്വാഴ്ചയും വൈകിട്ട് 7:30 മുതൽ 9:30 വരെ ഇവിടെ വച്ച് പ്രാർത്ഥനാ കൂട്ടായ്മ നടക്കുന്നതായിരിക്കും. പ്രാർത്ഥനാ വിഷയങ്ങൾ അറിയിക്കുവാനായി ഈ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക: 0096892187856, 0096893013552,0096899606829

## ഐ.പി.സി. നോർത്തേൺ റീജൻ ജനറൽ കൺവഷൻ ഒക്ടോബറിൽ

**ന്യൂഡൽഹി:** ഇന്ത്യാ പെന്തെക്കൊസ്തു ദൈവസഭ നോർത്തേൺ റീജന്റെ 44-ാംമത് ജനറൽ കൺവൻഷനും ശുശ്രൂഷക സമ്മേളനവും ഒക്ടോബർ 8 ബുധൻ മുതൽ 12 ഞായർ വരെ ഡൽഹി ജാൻസി റാണീ റോഡിലുള്ള അംബേദ്കർ ഭവനിൽ വച്ച് നടക്കും.

റീജൻ വർക്കിംഗ് പ്രസിഡന്റ് പാസ്റ്റർ പി.എം. ജോൺ അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനം റീജൻ പ്രസിഡന്റ് പാസ്റ്റർ സാമുവൽ ജോൺ ഉത്ഘാടനം ചെയ്യും. സുപ്രസിദ്ധ കൺവൻഷൻ പ്രാസംഗികരായ പാസ്റ്റർ രവി മണി, പാസ്റ്റർ സി.പി.ടൈറ്റസ്, പാസ്റ്റർ ലാജി പോൾ എന്നിവർ പ്രസംഗിക്കും.

കൺവൻഷനോടനുബന്ധിച്ച് പൊതുയോഗങ്ങൾ, വേദപഠന ക്ലാസ്സുകൾ, യുവജന സംഘടന , സണ്ടേസ്കൂൾ, സോദരി സമാജം എന്നിവയുടെ വാർഷിക സമ്മേളനം, ശുശ്രൂഷക സമ്മേളനം എന്നിവ നടക്കും. 12-ാം തീയതി ഞയറാഴ്ച നടക്കുന്ന സംയുക്ത ആരാധനയോടു കൂടി ഈ സമ്മേളനം അവസാനിക്കും. ഉത്തരേന്ത്യയിലും നേപ്പാളിൽ നിന്നും ഉള്ള വിശ്വാസികളും ശുശ്രൂഷകരും കൺവൻഷനിൽ പങ്കെടുക്കും.

## വിവാഹിതരായി

**അടൂർ:** നെല്ലിമുകൾ ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭാംഗവും നെല്ലിമുകൾ വെള്ളിശ്ശേരി തെക്കേതിൽ ജോൺസൺ ഡാനിയേലിന്റെയും കുഞ്ഞുമോൾ ജോൺസന്റെയും മകൻ വിനോദും വെമ്പായം ഹെബ്രോൻ ഐ.പി.സി. സഭാംഗവും വെമ്പായം ക്രൈസ്റ്റ് നിവാസിൽ എം.ജോർജ്കുട്ടിയുടെയും ദമരീസ് ജോർജിന്റെയും മകൾ ജിനുമോളും തമ്മിലുള്ള വിവാഹം ആഗസ്റ്റ് 14 വ്യാഴാഴ്ച വെമ്പായം മാസ് ആഡിറ്റോറിയത്തിൽ വച്ച് പാസ്റ്റർ ടി.എം. ജോർജിന്റെ കാർമ്മികത്വത്തിൽ നടന്നു. നവദമ്പതികൾക്ക് *വിശ്വാസി* മാസികാ പ്രവർത്തകരുടെ ആശംസകൾ!



വരിസംഖ്യ നിരക്ക്
ഒരുവർഷത്തേക്ക്

| | | |
|---|---|---|
| ഇന്ത്യയിൽ | | :36 രൂപ |
| ഗൾഫ് | | :300 രൂപ |
| യു.എസ് | $ | :10 |
| കാനഡ | $ | :10 |


### ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*

എഡിറ്റോറിയൽ ബോർഡ്
ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി
അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി
പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ
ടൈപ്പ് സെറ്റിങ്ങ് : വിശ്വാസി ഗ്രാഫിക്സ്, ഡൽഹി

വചനദീപ്തം

# ക്രിസ്തുവിലാകുക



പാസ്റ്റർ മനോജ് തമ്പി മങ്ങാട്

ക്രമീകൃതമായ ക്രിസ്തീയ ജീവിതത്തിന് ക്രിസ്തുദർശനം അനിവാര്യമാണ്. പ്രസ്തുത ക്രിസ്തുദർശനത്തിലേക്ക് വെളിച്ചം വിതറുന്ന ഒട്ടനവധി പദാവലികൾ ക്രൈസ്തവർക്ക് സംഭാവന ചെയ്ത ദാർശനികനായിരുന്നു ധന്യനായ പൗലൊസ്. യെഹൂദാ പശ്ചാത്തലത്തിൽ നിന്നും ക്രൈസ്തവ സാന്നിധ്യത്തെ തുടച്ചുനീക്കുവാൻ മതതീഷ്ണതയുടെ പിൻബലത്തിൽ സ്വയമവതരിച്ച പീഡകനായിരുന്നു അദ്ദേഹം. പിൽക്കാലത്ത് ദമസ്ക്കോസിൽ വച്ചുണ്ടായ അഭൗമതേജസിന്റെ ദർശനം പൗലോസിനെ ക്രിസ്തുഭക്തനാക്കി മാറ്റി. എഴുത്തുകളിലും, പ്രസംഗങ്ങളിലും, ദൈനംദിന ജീവിതത്തിന്റെ സമസ്തമേഖലകളിലും ക്രിസ്തു ഭക്തിയുടെ അജയ്യഭാവം പൗലൊസ് എന്ന വ്യക്തിയിൽ പ്രകടമായിരുന്നു. കാൽനടയാത്ര മുതൽ കപ്പൽ യാത്രവരെയുള്ള ജീവിതയാത്രകളിൽ ക്രിസ്തുഭാവത്തെ സ്വാംശീകരിച്ച പൗലൊസ് മരിക്കുന്നതും ജീവിക്കുന്നതും, സ്വതന്ത്രനാകുന്നതും ബന്ധിക്കപ്പെടുന്നതും ക്രിസ്തുവിനു വേണ്ടിയാണെന്ന് സധൈര്യം പ്രഖ്യാപിച്ചു. ഉപദ്രവകാരിയെ ഉപകാരിയാക്കി മാറ്റിയ ക്രിസ്തു ദർശനം വിശ്വാസവീഥിയെ ഇന്നും വീറുറ്റതാക്കിത്തീർത്തുകൊണ്ടിരിക്കുന്നു.

ക്രിസ്തുവിലാകുക, പുതിയ സൃഷ്ടിയാകുക എന്ന ആത്മീയ തത്വത്തെ അടിസ്ഥാനപ്പെടുത്തി കൊരിന്ത്യസഭയിൽ ഉപദേശത്തെ ഉറപ്പിക്കുന്ന പൗലൊസ് ലേഖനങ്ങളിൽ ഉടനീളം ഉപയോഗിക്കുന്ന പരാമർശമാണ് ക്രിസ്തു എന്ന അനുഭവം. ക്രിസ്തു എന്ന വാക്കിന്റെ അർത്ഥം തന്നെ അഭിഷിക്തൻ എന്നാണ്. രക്ഷിക്കുവാൻ വേണ്ടി അഭിഷിക്തനായവൻ എന്ന പ്രായോഗിക അർത്ഥമാണ് തിരുവചനം നൽകുന്നത്. ക്രിസ്തുവിന്റെ ജഢാധാരണത്തിന്റെ കാതലായ ഉദ്ദേശ്യം സൃഷ്ടികളെ രക്ഷിക്കുക എന്നതായിരുന്നു. രക്ഷിക്കുക എന്ന ദൈവീക ഉദ്ദേശ്യത്തിലായിരുന്ന ക്രിസ്തുവിന് അതിന് വിപരീതമായ സാഹചര്യങ്ങളിലൂടെ യാത്ര ചെയ്യേണ്ടിവന്നു. പ്രസ്തുത വൈരുദ്ധ്യങ്ങളെ കീഴടക്കേണ്ടതിന് അല്ലെങ്കിൽ ദൈവീക ഉദ്ദേശ്യത്തിൽ ഉൾപ്പെട്ട സത്യങ്ങളെ സാധ്യമാക്കുന്നതിന് ദൈവശക്തിയുടെ വെളിപ്പെടുത്തൽ ആവശ്യമായിരുന്നു. (Manifestation of God's Power) ക്രിസ്തു ശക്തിയുടെ വെളിപ്പെടുത്തൽ വൈരുദ്ധ്യങ്ങളെ അതിജീവിക്കുവാനും, ദൈവീക ഉദ്ദേശ്യങ്ങളുടെ സഫലതയ്ക്കും, വിശുദ്ധ ജീവിതക്രമീകരണത്തിനുമാണ്. ക്രിസ്തുശക്തിയുടെ വെളിപ്പെടുത്തലിലൂടെ

> ക്രിസ്തുവിലാകുക എന്നതിന് ഞാനോ കുറയേണം യേശു എന്നിൽ വളരേണം എന്ന പ്രസ്താവന ഉയർന്ന അർത്ഥതലം സമ്മാനിക്കുന്നു. വ്യക്തികളും, നേതാക്കന്മാരും ആനുകാലിക ജീവിതത്തിലെ ആത്മാഭിമാന പ്രസ്ഥാനങ്ങളുമെല്ലാം ക്രിസ്തുവിൽ മറയപ്പെടുമ്പോൾ ക്രിസ്തുവിലാകുക എന്ന ചിന്ത സഫലീകൃതമാകുന്നു. കാരണം സകലവും ക്രിസ്തു മുഖാന്തിരവും, ക്രിസ്തുവിനായിട്ടും സൃഷ്ടിക്കപ്പെട്ടു

ദൈവീക ഉദ്ദേശ്യത്തിലേക്ക് വ്യക്തികൾ ആകർഷിക്കപ്പെട്ടു (യോഹ.12: 13). അങ്ങനെ ആകർഷിക്കപ്പെട്ടവരുടെ അനന്തര ജീവിതം ക്രിസ്തുകേന്ദ്രീകൃതമായിരിക്കണം (Christ Centered) എന്ന അർത്ഥത്തിൽ പൗലൊസ് ഉപയോഗിക്കുന്ന മറ്റൊരു പദമാണ് ക്രിസ്തുവിൽ (in Christ Experience) ഉള്ള അനുഭവം (റോമ.8:1, 2കൊരി. 5:17).

പരമ്പരാഗത ശൈലിയിലുള്ള വേഷഭക്തിയുടെ മുനയൊടിച്ചുകൊണ്ട് പൗലൊസ് അവതരിപ്പിക്കുന്ന ആത്മീയ ആശയമായ ക്രിസ്തുവിൽ ആകുക എന്നതിന്റെ ആനുകാലിക പ്രസക്തി വർണാതീതമാണ്. നോഹയുടെ പെട്ടകത്തിലുണ്ടായിരുന്നവർ സുരക്ഷിതരായിരുന്നതുപോലെ ക്രിസ്തുവിലുള്ളവർ സുരക്ഷിതരാണ്. പഴയനിയമകാലത്തെ സങ്കേതനഗരങ്ങളിൽ അഭയം ചൊല്ലിയവർ ശിക്ഷയിൽ നിന്നും രക്ഷപ്പെട്ടതുപോലെ ക്രിസ്തുവിലുള്ളവർ ശിക്ഷയിൽ നിന്നും രക്ഷ പ്രാപിച്ചവരാണ്. ക്രിസ്തുഭാഷ്യത്തിൽ മുന്തിരിവള്ളിയിൽ വസിക്കുന്ന കൊമ്പുകൾ ഫലം നൽകുന്നതുപോലെ ക്രിസ്തുവിലുള്ളവർ ഫലം നൽകുന്നവരാണ്. പത്രൊസിന്റെ അഭിപ്രായത്തിൽ കല്ലുകൊണ്ട് കെട്ടിടം വളരുന്നതുപോലെ ക്രിസ്തുവിലുള്ളവർ വളർച്ചയുള്ളവരാണ് (1 പത്രൊസ് 2:4–6).

ശിഷ്യവൃന്ദങ്ങളെല്ലാവരും ക്രിസ്തു പാദത്തിലെ നിത്യ സാന്നിധ്യങ്ങളായിരുന്നു. എങ്കിലും മരണവേദനയുടെ മുമ്പിൽ ക്രിസ്തു കാണിച്ച സഹന മാതൃക അവരെ അവനിൽ നിന്നും അകറ്റി. ക്രിസ്തുവിലാകുക എന്ന ആത്മീയ തത്വം പൂർണ്ണമാകുന്നത് കഷ്ടതയോടുള്ള പ്രതികരണത്തിലും സഹനത്തിലുമാണ്.

ക്രിസ്തുവിലാകുക എന്നതിന് ഞാനോ കുറയേണം യേശു എന്നിൽ വളരേണം എന്ന പ്രസ്താവന ഉയർന്ന അർത്ഥതലം സമ്മാനിക്കുന്നു. വ്യക്തികളും, നേതാക്കന്മാരും ആനുകാലിക ജീവിതത്തിലെ ആത്മാഭിമാന പ്രസ്ഥാനങ്ങളുമെല്ലാം ക്രിസ്തുവിൽ മറയപ്പെടുമ്പോൾ ക്രിസ്തുവിലാകുക എന്ന ചിന്ത സഫലീകൃതമാകുന്നു. കാരണം സകലവും ക്രിസ്തു മുഖാന്തിരവും, ക്രിസ്തുവിനായിട്ടും സൃഷ്ടിക്കപ്പെട്ടു. അവനിലല്ലോ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത് (കൊലൊസ്യർ 1:16, 2:9).

## താങ്കൾ ക്രിസ്തുവിന്റെ ശിഷ്യനോ?

(നാലാം പേജിൽ നിന്ന് തുടർച്ച)

ങ്ങളിൽ, കൂടി നടക്കുന്ന സഭയിൽ അവന്റെ നിന്ദയുടെ, ത്യാഗത്തിന്റെ ക്രൂശ് നാം വഹിക്കണം. 'ഞാൻ യേശുവിന്റെ ചൂടടയാളം എന്റെ ശരീരത്തിൽ വഹിക്കുന്നു' എന്ന് പറഞ്ഞ ഉത്തമ ശിഷ്യനായ പൗലൊസിനെപ്പോലെ (ഗലാത്യർ 6:17) നല്ല ഗുരുവായ ക്രിസ്തുവിന്റെ ശിഷ്യൻ ആകാം.

**4. സകലത്തിന്റെയും ഉടമസ്ഥാവകാശം ക്രിസ്തുവിന്**

അങ്ങനെതന്നെ നിങ്ങളിൽ ആരെങ്കിലും തനിക്കുള്ളതൊക്കെയും വിട്ടുപിരിയുന്നില്ല എങ്കിൽ അവന് എന്റെ ശിഷ്യൻ ആയിരിപ്പാൻ കഴിയില്ല(ലൂക്കോസ് 14:33). കർത്താവ് മുകളിൽ പറഞ്ഞ പ്രസ്താവനയും തെറ്റിദ്ധാരണ ഉളവാക്കും. ഞാൻ അവന്റെ ശിഷ്യൻ ആകണമെങ്കിൽ അവൻ നൽകിയതെല്ലാം ഉപേക്ഷിക്കണമോ? അതേ... എനിക്ക് ഉണ്ടെന്ന് അവകാശപ്പെടുന്ന സകലത്തിന്റെയും ഉടമസ്ഥാവകാശം ഗുരുവായ ക്രിസ്തുവിന് നൽകണം. ജീവൻ, വീട്, ജോലി, ധനം, ഭാര്യ, കുഞ്ഞുങ്ങൾ സകലത്തിന്റെയും അവകാശം ക്രിസ്തുവിന് കൈമാറണം. എനിക്കുള്ളതിനെകൊണ്ട് മനസ്സുപോലെ ചെയ്യുവാൻ എനിക്ക് ന്യായമില്ലയോ(മത്തായി 20:15). ക്രിസ്തുവിന്റെ ശിഷ്യനാകണമെങ്കിൽ സകലത്തിന്റെയും ഉടമസ്ഥാവകാശം ക്രിസ്തുവിന് നൽകണം.

**5. വചനത്തിൽ നിലനിൽക്കുക**

എന്റെ വചനത്തിൽ നിലനിൽക്കുന്നുവെങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി(യോഹന്നാൻ 8:31). ക്രിസ്തുവിന്റെ വചനത്തിൽ നിലനിൽക്കുകയും ക്രിസ്തുവിൽ വസിക്കുകയും അവന്റെ തലയോളം വളരുകയും അവന്റെ എല്ലാ ഇഷ്ടങ്ങൾക്കും അനുസരിച്ച് നമ്മുടെ ജീവിതം പാകപ്പെടുത്തുകയും ചെയ്യാത്ത ഒരുവന് ശിഷ്യൻ ആയിരിപ്പാൻ കഴിയുകയില്ല. 'ക്രിസ്തുയേശുവിനെ കൈക്കൊണ്ടതുപോലെ അവന്റെ കൂട്ടായ്മയിൽ നടന്ന് അവനിൽ വേരൂന്നി, ആത്മീയ വർദ്ധന പ്രാപിച്ച് നിങ്ങൾക്ക് ഉപദേശിച്ച് തന്നതിനൊത്തവണ്ണം വിശ്വാസത്താൽ ഉറച്ചും സ്തോത്രത്തിൽ കവിഞ്ഞും ഇരിപ്പിൻ(കൊലോസ്യർ 2:7)'.

**6. തമ്മിൽ സ്നേഹിക്കുക**

നിങ്ങൾക്ക് തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ എന്റെ ശിഷ്യന്മാർ എന്ന് എല്ലാവരും അറിയും (യോഹന്നാൻ 13: 35). ഇന്ന് ആത്മീയഗോളത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതും സ്നേഹം ആണ്. സ്ഥാനത്തിനും മാനത്തിനും അധികാര കസേരകൾക്കും വേണ്ടി ദൈവവചനവും സ്നേഹവും തള്ളിക്കളഞ്ഞ് വിശ്വാസികൾ അഥവാ നല്ല ഗുരുവിന്റെ ശിഷ്യർ എന്ന് അഭിമാനിക്കുന്നവർ തമ്മിൽ കുതികാൽ വെട്ടുന്നു. സ്നേഹം ഭാവിച്ചതുകൊണ്ടോ, സ്നേഹത്തെക്കുറിച്ച് പാടിയതുകൊണ്ടോ, പ്രസംഗിച്ചതുകൊണ്ടോ കാര്യമായില്ല. സ്നേഹം നിർവ്യാജമായിരിക്കട്ടെ(റോമർ 12:9).

പ്രിയരെ, മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വ്യവസ്ഥകൾ നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കിയാൽ നമുക്ക് യഥാർത്ഥ ക്രിസ്തുവിന്റെ ശിഷ്യർ ആകുവാൻ കഴിയും. അല്പം പ്രയാസം എന്ന് തോന്നാവുന്ന വ്യവസ്ഥകൾ ആണെങ്കിലും പാലിച്ചാൽ മഹത്വകരവും സൗഭാഗ്യകരവുമായ നിത്യജീവിതത്തിലേക്ക് പ്രവേശനം ലഭിക്കും. ജയിക്കുന്നവന് ഞാൻ എന്നോടുകൂടെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നൽകും(വെളിപ്പാട് 3:21). നല്ല ഒരു ശിഷ്യൻ ആയിരിപ്പാൻ എല്ലാവരെയും ആഹ്വാനം ചെയ്യുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

## ആത്മീയ ജീവിത വിജയത്തിന് മോശയുടെ മാതൃക പിന്തുടരുക:

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

നായി മിസ്രയീമിലേക്ക് തിരിച്ചു. മൂന്നാമതായി, കനാൻ നാട്ടിലേക്കുള്ള പ്രയാണത്തിലായിരിക്കുന്ന മോശെ ജീവിത വിജയത്തിന് ഉത്തമമായ മാതൃകയാണ്. മോശെയുടെ ജീവിതം അനുദിന ജീവിതത്തിൽ അർത്ഥവത്തായി അനുകരിച്ചുകൊണ്ട് മുന്നേറുവാൻ പാസ്റ്റർ ബിജു ആഹ്വാനം ചെയ്തു. പാസ്റ്റർ ബെൻസി ജോർജ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സീനിയർ പാസ്റ്റർ ഡി. ജോൺ സങ്കീർത്തന പ്രബോധനം നടത്തി. പാസ്റ്റർ സുമേഷ് പി. ലാസർ തിരുവത്താഴ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. റീജനിലെ ദൈവമക്കളും കർത്തൃദാസൻമാരും യോഗത്തിൽ പങ്കെടുത്തു.

## വിവാഹിതരായി

അടൂർ: നെല്ലിമുകൾ ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭാംഗവും മലങ്കാവ് ഗിൽഗാൽ ഭവനിൽ പരേതയായ സൂസമ്മയുടെ മകൻ ബിജുവും മണ്ണടി ഐ.പി സി എബനേസ്സർ സഭാംഗവും മലങ്കാവ് ബിജി ഭവനിൽ ജോസഫിന്റെയും ഡെയ്സിയുടെയും മകൾ ബീനയും തമ്മിലുള്ള വിവാഹം 2014 ആഗസ്റ്റ് 7 വ്യാഴാഴ്ച ചൂരക്കോട് ഹരിശ്രീ ആഡിറ്റോറിയത്തിൽ വച്ച് ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടിയുടെ കാർമ്മികത്വത്തിൽ നടന്നു. നവദമ്പതികൾക്ക് *വിശ്വാസി* മാസികാ പ്രവർത്തകരുടെ ആശംസകൾ!



87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

NEWSPAPER REGN. No. 65362 / 97
POSTAL REGN.NO. DL 07 / 0138 / 12 - 14
Date of Publication - 5th Sept 2014

Tel : 91 9810084388, e-mail : icm4india@yahoo.com, website- www.indianchristianmission.com

Price Rs. 3/-

## താങ്കൾ ക്രിസ്തുവിന്റെ ശിഷ്യനോ?

ദാസ് പി. വിളക്കുടി



ഉപദേശം സ്വീകരിക്കുന്നവനാണ് ശിഷ്യൻ. പുതിയനിയമത്തിൽ പലയിടത്തും യേശുക്രിസ്തുവിനെ വിശ്വസിക്കുന്നവരെ ശിഷ്യന്മാർ എന്നറിയപ്പെട്ടിരുന്നു. ക്രിസ്തുവിനെ നന്നായി പഠിക്കുകയും അറിയുകയും അനുഗമിക്കുകയും അനുസരിക്കുകയും ചെയ്യുന്ന എല്ലാവരും അവന്റെ ശിഷ്യന്മാരാണ്. ഓരോ ക്രിസ്ത്യാനിയും ഓരോ ശിഷ്യൻ ആണ്. പരീശന്മാർക്കും യോഹന്നാൻ സ്നാപകനും ശിഷ്യന്മാർ ഉണ്ടായിരുന്നതായി നാം കാണുന്നു (മത്തായി 22:16, 9:14). പഴയനിയമത്തിൽ ഏലീശയുടെ ശിഷ്യന്മാരെക്കുറിച്ച് 2 രാജാക്കന്മാർ 6:1ൽ പരാമർശിക്കുന്നു. ശിഷ്യന്മാരുടെ ദൗത്യം ഗുരുവിൽ നിന്ന് പഠിക്കുകയും അത് അവരുടെ ജീവിതത്തിൽ പ്രവർത്തിപഥത്തിൽ കൊണ്ടെത്തിക്കുകയും ചെയ്യുക എന്നതാണ്.

ശിഷ്യനായിരിക്കണമെങ്കിൽ ചില യോഗ്യതകൾ ആവശ്യമാണ്. പ്രത്യേകാൽ യേശു എന്ന ഗുരുവിന്റെ ശിഷ്യർ എന്ന് അവകാശപ്പെടുന്ന എല്ലാവരും ആ ഗുരുവിന്റെ ഉപദേശങ്ങളും നിയമങ്ങളും പാലിക്കേണ്ടതാണ്. എന്നാൽ എല്ലാവർക്കും ക്രിസ്തുശിഷ്യൻ ആകുവാൻ അവൻ യോഗ്യത നൽകിയില്ല.

**1. ക്രിസ്തുശിഷ്യനാകുവാനുള്ള ഒന്നാമത്തെ യോഗ്യത.**

തളർന്നിരിക്കുന്നവനെ വാക്കുകൊണ്ട് താങ്ങുവാൻ അറിയേണ്ടതിന് യഹോവയായ കർത്താവ് എനിക്ക് ശിഷ്യന്മാരുടെ നാവ് തന്നിരിക്കുന്നു (യെശയ്യാവ് 50:4). ഹൃദയം മുറിപ്പെട്ട് മനസ്സ് തളർന്നിരിക്കുന്നവരെ വാക്കുകൾ കൊണ്ട് സാന്ത്വനിപ്പിക്കുന്നവൻ ആകണം ക്രിസ്തുവിന്റെ ശിഷ്യൻ. നമ്മുടെ വാക്കുകൾ, പെരുമാറ്റങ്ങൾ, ഇടപെടലുകൾ കൊണ്ട് മറ്റുള്ളവർ മുറിവേൽക്കുവാൻ ഇടയാകരുത്. ജീവിതയാത്രയിൽ ഉണ്ടാകുന്ന തളർച്ചയിൽ താങ്കളുടെ വാക്ക് ഒരു ആശ്വാസം ആയിതീരണം. അതാണ് യഥാർത്ഥ ശിഷ്യന്റെ യോഗ്യതകളിൽ ഒന്ന്.

**2. ഒന്നാം സ്ഥാനം ക്രിസ്തുവിന് (ഗുരുവിന്)**

എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരികളെയും സ്വന്തജീവനെയും കൂടെ പകയ്ക്കാതിരിക്കയും ചെയ്യുന്നവന് എന്റെ (യേശുവിന്റെ) ശിഷ്യൻ ആയിരിപ്പാൻ കഴിയില്ല (ലൂക്കൊസ് 14:25)

> ഹൃദയം മുറിപ്പെട്ട് മനസ്സ് തളർന്നിരിക്കുന്നവരെ വാക്കുകൾ കൊണ്ട് സാന്ത്വനിപ്പിക്കുന്നവൻ ആകണം ക്രിസ്തുവിന്റെ ശിഷ്യൻ. നമ്മുടെ വാക്കുകൾ, പെരുമാറ്റങ്ങൾ, ഇടപെടലുകൾ കൊണ്ട് മറ്റുള്ളവർ മുറിവേൽക്കുവാൻ ഇടയാകരുത്. ക്രിസ്തുവിന്റെ വചനത്തിൽ നിലനിൽക്കുകയും ക്രിസ്തുവിൽ വസിക്കുകയും അവന്റെ തലയോളം വളരുകയും അവന്റെ എല്ലാ ഇഷ്ടങ്ങൾക്കും അനുസരിച്ച് നമ്മുടെ ജീവിതം പാകപ്പെടുത്തുകയും ചെയ്യാത്ത ഒരുവന് ശിഷ്യൻ ആയിരിപ്പാൻ കഴിയുകയില്ല.

കർത്താവിന്റെ ഈ പ്രസ്താവന വായിക്കുമ്പോൾ വിരോധാഭാസമായ ഒരു പ്രസ്താവനയായി തോന്നാം. കാരണം ആരെയും വെറുക്കാതെ ശത്രുക്കളെയും സ്നേഹിക്കേണം എന്നു പറഞ്ഞ കർത്താവ് എന്താണ് മറ്റുള്ളവരെ പകയ്ക്കാത്തവന് ശിഷ്യനായിരിപ്പാൻ കഴിയില്ല എന്ന് പ്രസ്താവിച്ചിരിക്കുന്നത്? തീർച്ചയായും ആരെയും വെറുക്കണമെന്നല്ല, എല്ലാറ്റിനെക്കാളും ഒന്നാം സ്ഥാനം ക്രിസ്തുവിന് (ഗുരുവിന്) നൽകണം. മനസ്സിനുള്ളിൽ ഒരു തിരഞ്ഞെടുപ്പ് നടത്തുകയാണെങ്കിൽ ഒന്നാം സ്ഥാനം ക്രിസ്തുവിന് നൽകണം. എന്നെക്കാൾ അധികം മകനെയോ മകളെയോ പ്രിയപ്പെടുന്നവൻ എനിക്ക് യോഗ്യനല്ല (മത്തായി 10:37). ജോലി, കുടുംബം, ബിസിനസ് എല്ലാറ്റിനും മുമ്പ് ഒന്നാം സ്ഥാനം ക്രിസ്തുവിന് നൽകാത്തവന് ശിഷ്യൻ ആയിരിപ്പാൻ കഴിയുകയില്ല.

**3. ക്രൂശ് വഹിക്കുക**

തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്റെ പിന്നാലെ വരാത്തവനും എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല (ലൂക്കൊസ് 14:27). ക്രിസ്തുവിന് വേണ്ടി അവൻ സഹിച്ച നിന്ദയുടെയും കഷ്ടപ്പാടുകളുടെയും അവന്റെ മരണത്തിന്റെയും പങ്കാളിത്തം മനസ്സോടുകൂടെ ഏറ്റെടുക്കുകയും ക്രിസ്തുവിനെ അനുഗമിക്കുകയും ചെയ്യുന്നവർക്ക് മാത്രമേ അവന്റെ യഥാർത്ഥ ശിഷ്യനായിരിപ്പാൻ കഴിയുകയുള്ളൂ.

നമ്മുടെ ഗുരുവാകുന്ന യേശു കർത്താവ് എല്ലാവരാലും വെറുക്കപ്പെട്ടു, ത്യജിക്കപ്പെട്ടു, അതിക്രമികളോടുകൂടെ എണ്ണപ്പെട്ടു, തന്റെ ശരീരം ഉഴവുചാലുപോലെ കീറപ്പെട്ടു, ഒടുവിലായി രണ്ട് കള്ളന്മാരുടെ മദ്ധ്യേ ക്രൂശിക്കപ്പെട്ടു. ഇവയൊക്കെയും സൻമനസ്സോടെ സ്വീകരിച്ചത് നമ്മോടുള്ള അഗാധമായ സ്നേഹം നിമിത്തമാണ്. നമ്മുടെ സ്നേഹിതരുടെയും മിത്രങ്ങളുടെയും ജോലി ചെയ്യുന്ന ഇട

(ശേഷം മൂന്നാം പേജിൽ)




കോപ്പികൾക്ക് ബന്ധപ്പെടുക: Pr. M. Samuelkutty, Yash Niwas 101, A-Block , 96/E, Ward No: 2, Mehrauli, New Delhi-110 030

ഉറവ

## ക്രൂശ്: പൂത്തുലഞ്ഞ രക്തപുഷ്പം



ഇവാ. ജോൺ സാമുവൽ മണക്കാല

ക്രിസ്തുവിന്റെ കാൽവറിക്കുന്നിലെ പരമയാഗത്തിന്റെ സ്മരണയുണർത്തുന്ന കുരിശ് സഹനത്തിന്റെയും ത്യാഗത്തിന്റേയും അനശ്വര പ്രതീകമായി നമ്മുടെ മനസ്സിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. ഗ്രീക്ക് ട്രാജഡിയിലെ ദുരന്തകഥാപാത്രത്തെയല്ല കുരിശ് അനുസ്മരിപ്പിക്കുക. മഹത്തായ വിജയത്തിന്റെ ആഘോഷമാണത്. ഇവിടെ സഹനത്തിന്റെ വഴിത്താര പൂർണ്ണതയിൽ വിലയം കൊള്ളുകയാണ്. അനന്തമായ അർത്ഥവിതാനങ്ങളുള്ള കുരിശിന്റെ പ്രകാശരേഖകൾ മനസ്സിനെ ജ്വലിപ്പിച്ച കോടിക്കണക്കിന് ജനങ്ങളുടെ രക്ഷാമാർഗ്ഗമാണ്.

ക്രൂശിനെക്കുറിക്കുന്ന ഗ്രീക്ക് (സ്റ്റൗറൊസ്) 28 പ്രാവശ്യവും ക്രൂശിക്കുക എന്ന ക്രിയയുടെ ഗ്രീക്ക് പദം (സ്റ്റൗനേ) 46 പ്രാവശ്യവും പുതിയ നിയമത്തിൽ പ്രയോഗിച്ചിട്ടുണ്ട്. വിവിധ ആകൃതിയിൽ ഒരു കാലത്ത് കുരിശിന്റെ രൂപം ദൃശ്യമായിരുന്നു. ലോകത്തിന്റെ പാപം ചുമന്ന ക്രിസ്തുവിനെ ക്രൂശിൽ തറയ്ക്കുന്നതിനു മുമ്പ് കുരിശ് വിശുദ്ധിയുടെ പ്രതീകമല്ലായിരുന്നു. ഹീനമായ മരണത്തിന്റെയും ഭയങ്കരമായ നിന്ദയുടെയും ചിഹ്നമായിരുന്നു. യഹൂദന്മാർ കുരിശിനെ ശപിക്കപ്പെട്ടതായും ഗ്രീക്കുകാർ അപമാന ഹേതുവായും കരുതി. റോമൻ പൗരന്മാരെ കുരിശുമരണത്തിൽ നിന്ന് അധികാരികൾ ഒഴിവാക്കിയിരുന്നു. വലിയ കുറ്റം ചെയ്ത അടിമകൾക്കും നീചവർഗ്ഗത്തിൽപ്പെട്ടവർക്കുമായിരുന്നു ഈ കഠിനശിക്ഷ വിധിച്ചിരുന്നത്. പിശാചിന്റെ മോഹനസുന്ദര വാഗ്ദാനങ്ങളിൽ മനം മയങ്ങി അറപ്പുളവാക്കുന്ന പാപത്തിന്റെ വിവിധ വൈകൃതങ്ങൾ കാട്ടി മലർക്കെ തുറന്നുകിടക്കുന്ന വിശാലമായ നരക കവാടത്തിലൂടെ നിരന്തരം കത്തിക്കൊണ്ടിരിക്കുന്ന നിത്യനരകാഗ്നിയിലേക്ക് നിസ്സഹായതയോടെ നടന്നടുക്കുമ്പോൾ ദൈവകൃപയും യേശുക്രിസ്തുവിന്റെ കൃപാദാനവും യേശുക്രിസ്തുവിന്റെ ക്രൂശ് മരണത്തിലൂടെ സകല മനുഷ്യർക്കും ഏറ്റവും അധികം സൗജന്യമായി ലഭ്യമാണ്. മരണം വരിച്ച് മരണത്തെ ജയിച്ച യേശുക്രിസ്തുവിന്റെ ഗാൽഗുത്തായിലെ രുധിരധാരയിൽ കുളിച്ച് ശുദ്ധി നേടാൻ കുരിശിന്റെ തണലിലേക്ക് അടുത്തുചെല്ലുന്നവർക്ക് ലോകത്തിന്റെ പരിഹാസമായി ചിത്രീകരിക്കപ്പെടുന്ന കുരിശ് സ്വർഗ്ഗത്തിന്റെ അഭിനന്ദനമായി അനുഭവിച്ചറിയാൻ സാധിക്കും.

സ്വാർത്ഥപൂരിതമായ മോഹമാണ് പാപത്തിന്റെ നിദാനമെങ്കിൽ അതിൽ നിന്നും മോചനം നേടാൻ എന്തുകാണുമ്പോഴും മോഹം കുമിയുന്ന കണ്ണുകൾകൊണ്ട് നോക്കാതിരിക്കാൻ കഴിയണം. അങ്ങനെ കഴിയണമെങ്കിൽ സ്വാർത്ഥതയിൽ നിന്ന് മോചനം നേടണം. സ്നേഹത്തിന് മാത്രമെ സ്വാർത്ഥതയിൽ നിന്ന് മുക്തി നല്കാൻ സാധിക്കുകയുള്ളു. കാരണം, സ്നേഹം തന്നെത്തന്നെ നൽകലാണ്. പ്രിയം നേടലല്ല, പ്രീയം ചെയ്യലാണ് സ്നേഹം. അപരനുവേണ്ടി ത്യാഗം ചെയ്യാനും വേദന ഏറ്റുവാങ്ങാനും കഴിയുന്നത് സ്നേഹത്തിന്റെ ശക്തി കൊണ്ടാണ്. സ്വാർത്ഥത ചൂഷണത്തിനുള്ള പ്രേരണയാണ്, പ്രത്യുത, സ്നേഹം ആത്മദാനത്തിന്റെ പ്രേരണയും. നിണമണിഞ്ഞു കിടക്കുന്ന ക്രൂശിത രൂപം ഈ ദൈവീക സ്നേഹത്തിന്റെ മൂർത്തീഭാവമാണ്. ദൈവസ്നേഹം എന്ന മഹാസാഗരത്തെ കൺമുൻപിൽ വച്ചുതരുന്ന അനുഭവമാണ് കുരിശ് നൽകുന്നത്. കാൽവറിയിലെ കുരിശ് ചരിത്രത്തിൽ രൂപാന്തരം പ്രാപിച്ച പ്രതീകവും ചരിത്രത്തെ രൂപാന്തരപ്പെടുത്തിക്കൊണ്ടിരിക്കുന്ന അടയാളവുമാണ്. യേശുവിന്റെ കുരിശ് മാനവരാശിക്കു സമ്മാനിക്കുന്നത് ദുരന്തത്തിന്റെ രാക്ഷസനിഴലുകളല്ല, പ്രതീക്ഷകളുടെയും പ്രത്യാശയുടെയും പുലരൊളിയാണ്. പരമമായ ത്യാഗത്തിന്റെ പ്രകാശഗോപുരമാണ് കുരിശ്. കുരിശ് ഒരു അദ്ധ്യായത്തിന്റെ ഒടുക്കവും മറ്റൊരു അദ്ധ്യായത്തിന്റെ തുടക്കവുമാണ്. ഒരു പാതയുടെ അന്ത്യവും മറ്റൊരു പാതയുടെ അഥവാ പ്രത്യാശയിലേക്കുള്ള രാജവീഥിയുടെ ആരംഭവുമാണ് കുരിശ്. എല്ലാ പുതിയ നിയമ എഴുത്തുകാരുടെയും പ്രധാന പ്രതിപാദ്യ വിഷയം ക്രിസ്തുവിന്റെ ക്രൂശ് മരണമാണ്. നാലു സുവിശേഷങ്ങളിലും യേശുക്രിസ്തുവിന്റെ ക്രൂശീകരണത്തിന്റെ വിവരണങ്ങൾ ലഭിക്കുന്നു. അപ്പൊസ്തലനായ പൗലൊസാണ് ക്രൂശിന്റെ ദൈവശാസ്ത്രം (Theology of the Cross) ശക്തമായി അവതരിപ്പിക്കുന്നത്. ക്രൂശിന്റെ അസാധാരണ ശക്തി സഭാചരിത്രത്തിലുടനീളം നമുക്ക് ദർശിക്കാവുന്നതാണ്. രക്ഷയുടെ കൊടിയടയാളം, രാജത്വത്തിന്റെ കിരീടധാരണം, ആത്മദർശനത്തിന്റെ സ്വർഗ്ഗീയ ദർപ്പണം, പറുദീസ തുറക്കുന്ന താക്കോൽ, ഉദാത്ത മാതൃകകളുടെ ജനഭൂമി, വീണ്ടെടുപ്പിന്റെ ജയോത്സവം ഇങ്ങനെ ഒട്ടനവധി സ്വർഗ്ഗീയ സ്പർശനമുള്ള രംഗങ്ങളുടെ സമ്മേളന വേദിയാണ് കാൽവറി മലയുടെ നെറുകയിൽ ഉയർത്തപ്പെട്ട ക്രൂശിതനായ യേശുവിന്റെ നിണമണിഞ്ഞ രൂപം. ചതഞ്ഞരയുമ്പോൾ സൗരഭ്യം പരത്തുന്ന സുഗന്ധിപൂക്കൾക്കു തുല്ല്യം ലോകം മുഴുവൻ സ്വർഗ്ഗീയ സൗരഭ്യം പരത്തുന്ന കാൽവറിമലയിൽ പൂത്തുലഞ്ഞ രക്തപുഷ്പമാണ് ക്രൂശും, ക്രൂശിതനായ ക്രിസ്തുവും !

തുടരും

Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442